# കണ്ണും മനസും കവർന്ന് വൈഗ

Janayugom 29.12.17

തൃശൂർ: കാർഷിക മേഖലയിൽ നിന്ന് മികച്ച വരുമാനം ഉറപ്പുവരുത്തുക, വിപണനമേഖലയിലെ പ്രതിസന്ധി മറികടക്കുക എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്ന വൈഗ അന്തർദേശീയ ശിൽപശാല, പ്രദർശനം എന്നിവ കാണാൻ സന്ദർശക പ്രവാഹം. വെള്ളാനിക്കര കാർഷിക സർവകലാശാല ആസ്ഥാനത്ത് ഡിസം.31 വരെ നടക്കുന്ന വൈഗയിൽ കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിനെക്കുറിച്ചുള്ള അറിവും പ്രോത്സാഹനവും ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുകയാണ് ഉദ്ദേശ്യം.

വൈഗ പ്രദർശനത്തിൽ നാളികേരം, വാഴപ്പഴം, തേൻ, ചെറുധാന്യങ്ങൾ എന്നിവയ്ക്കാണ് പ്രാമുഖ്യം. ഇവയുടെ സംസ്കരണം, സാധ്യതകൾ എന്നിവയാണ് വൈഗയിൽ ചർച്ചയ്ക്കു വരുന്നത്. ഇതുകൂടാതെ നിത്യജീവിതവുമായി ബന്ധപ്പെട്ടുള്ള നിരവധി കാർഷിക വിജ്ഞാന പഠനങ്ങളുടെ സാധ്യതകളും വൈഗയെ ശ്രദ്ധേയമാക്കുന്നു.

തെങ്ങ് ഉല്പന്നങ്ങളുടെ സംസ്കരണം, മൂല്യവർധനവ്, നാളികേര വികസന ബോർഡിന്റെ വിവിധ പദ്ധതികൾ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർ ഡിസിപ്ലിനറി സയൻസ് ആന്റ് ടെക്നോളജി വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ, തെങ്ങിൻതടിയുപയോഗിച്ചുള്ള ഉല്പന്നങ്ങളെ സംബന്ധിച്ചുള്ള ക്ലാസുകൾ, ചെറുകിട കർഷക കൂട്ടായ്മ, പ്രാദേശിക കേരകർഷകരുടെ വിജയമാതൃകകൾ, കർഷകോൽപ്പാദന സംഘങ്ങളെ കുറിച്ചുള്ള ക്ലാസുകൾ എന്നിവ വൈഗയിലെ അക്കാദമിക് കാലാവസ്ഥാ വ്യതിയാന വിദ്യാഭ്യാസ ഗവേഷണ വേദിയിൽ വ്യാഴാഴ്ച നടത്തി. കർഷക ഭവനം വേദിയിൽ വാഴയുടെ വിളവെടുപ്പാനന്തരമുള്ള ഉപയോഗത്തിന്റെ അന്താരാഷ്ട്ര കാഴ്ചപ്പാടുകൾ, നേന്ത്രപ്പഴത്തിൽ നിന്നുള്ള ആദിമ ഉല്പന്നങ്ങൾ, ഉല്പന്നങ്ങളുടെ കയറ്റുമതി സാധ്യതകൾ എന്നിവയെ കുറിച്ചും ചർച്ചകൾ നടന്നു.



വൈഗ കാണാനെത്തിയ ജനസാഗരം

സെൻട്രൽ ഓഡിറ്റോറിയത്തിൽ തേനിന്റെ സാധ്യതകളെ കുറിച്ചാണ് സെമിനാറുകൾ നടന്നത്. ആയുർവേദത്തിൽ തേനിന്റെ സാധ്യതകളെ കുറിച്ചുള്ള ചർച്ച ഏറെ ശ്രദ്ധേയമായി. വൈഗയിലെ ഊട്ടുപുര ഹാളിൽ ചെറുധാന്യങ്ങളെ കുറിച്ചുള്ള സാധ്യതകളെപ്പറ്റിയുള്ള ചർച്ചകൾ നടന്നത്. കാലാവസ്ഥക്കനുസൃതമായ ചെറുധാന്യങ്ങൾ, അവയുടെ ഭാവി സാധ്യതകൾ, മൂല്യവർധന എന്നീ വിഷയങ്ങളിൽ സെമിനാറുകളുമുണ്ടായി. ഇന്ന് (വെള്ളിയാഴ്ച) വൈകീട്ട് നാലിന് അക്കാദമിക് കാലാവസ്ഥാ വ്യതിയാന വിദ്യാഭ്യാസ ഗവേഷണ വേദിയിൽ നടക്കുന്ന സെമിനാർ തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി കെ.ടി. ജലീൽ ഉദ്ഘാടനം ചെയ്യും.

വിവിധ അപകടങ്ങളിൽ പെട്ട് നട്ടെല്ല്, നാഡീവ്യൂഹം എന്നിവയ്ക്ക് മാരകമായി ക്ഷതങ്ങൾ സംഭവിച്ച് ചികിത്സയിൽ കഴിയുന്ന ആളുകളെ പുനരധിവസിപ്പിക്കുന്ന ഒല്ലൂർ പുനർജീവൻ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ ഇരുന്നൂറോളം അംഗപരിമിതരും വ്യാഴാഴ്ച വൈഗയിലെത്തി. വിദ്യാർത്ഥികൾക്കായി കാർഷിക വിജ്ഞാന ക്വിസ് മത്സരവും സംഘടിപ്പിച്ചു. ഇന്ന് വിവിധ സെഷനുകളിൽ സെമിനാറുകൾ നടക്കും.